13.08.23 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 06-04-95

# പവിത്രതയുടെ ആത്മീയ വ്യക്തിത്വത്തിന്റെ സ്മൃതി സ്വരൂപത്തിലൂടെ മായാജീത്തായിത്തീരൂ

ഇന്ന് സ്നേഹസാഗരനായ ബാപ്ദാദ നാനാ വശത്തുമുള്ള സർവ്വ സ്നേഹി കുട്ടിളെയാണ് കാണുന്നത്. ഓരോ സ്നേഹി കുട്ടികളുടെയും മുഖത്ത് ആത്മീയ വ്യക്തിത്വത്തിന്റെ തിളക്കം കണ്ടുകൊണ്ടിരിക്കുകയാണ്. ബാഹ്യ രീതിയിൽ നോക്കിയാൽ സാധാരണ വ്യക്തിത്വമുള്ളവരാണ്, എന്നാൽ ആത്മീയ വ്യക്തിത്വത്തിൽ നമ്പർവൺ. ലോകത്തിൽ അനേക പ്രകാരത്തിലുള്ള വ്യക്തിത്വങ്ങളെക്കുറിച്ച് കേട്ടിട്ടുണ്ട്. ശാരീരിക വ്യക്തിത്വം, ഏതെങ്കിലും വിശേഷതയുടെ വ്യക്തിത്വം, വിശേഷപ്പെട്ട പദവിയുടെ വ്യക്തിത്വം. എന്നാൽ താങ്കളെല്ലാവരുടെയും മുഖത്ത് പെരുമാറ്റത്തിൽ ഏതൊരു വ്യക്തിത്വമാണ് ഉള്ളത്? പവിത്രതയുടെ വ്യക്തിത്വം. പവിത്രത തന്നെയാണ് നമ്പർ വൺ വ്യക്തിത്വം. എത്രത്തോളം സ്നേഹിയാണോ അത്ര തന്നെ അവരുടെ വ്യക്തിത്വത്തിലും അത് കാണപ്പെടുന്നു മാത്രമല്ല അത് അനുഭവമാകുകയും ചെയ്യുന്നു. എല്ലാവരും തന്റെ ആത്മീയ വ്യക്തിത്വത്തെ അനുഭവം ചെയ്യുന്നുണ്ടോ? താങ്കളെപ്പോലുള്ള വ്യക്തിത്വം സത്യയുഗം മുതൽ ഇപ്പോൾ വരെ ആരിലെങ്കിലുമുണ്ടോ? മുഴുവൻ കല്പത്തിലും ചുറ്റിക്കറങ്ങൂ, താങ്കളെപ്പോലുള്ള വ്യക്തിത്വം ആർക്കെങ്കിലുമുണ്ടോ? ഇല്ലല്ലോ.. അപ്പോൾ താങ്കൾക്ക് തന്റെ ആത്മീയ വ്യക്തിത്വത്തിന്റെ ലഹരിയുണ്ടോ? അനാദി കാലഘട്ടത്തിൽ പരംധാമത്തിൽ താങ്കൾ വിശേഷ ആത്മാക്കളുടെ വ്യക്തിത്വം വളരെ ഉയർന്നതാണ്. അവിടെ സർവ്വ ആത്മാക്കളും തിളങ്ങുന്ന ജ്യോതിസ്വരൂപത്തിലാണെങ്കിലും താങ്കൾ ആത്മീയ വ്യക്തിത്വമുള്ള ആത്മാക്കളുടെ തിളക്കം മറ്റു സർവ്വ ആത്മാക്കളിൽ നിന്നും വിചിത്രമാണ്. തന്റെ അനാദി കാലത്തെ വ്യക്തിത്വം സ്മൃതിയിലേക്കു കൊണ്ടു വരൂ. സ്മൃതിയിലേക്ക് വന്നോ.. കണ്ടുകൊണ്ടിരിക്കുന്നുണ്ടോ? ബാപ്ദാദയോടൊപ്പം എത്ര ആത്മീയ വ്യക്തിത്വത്തോടെയാണ് കാണപ്പെടുന്നത്. സ്വയം തന്റെ സ്വരൂപത്തെ കാണാൻ സാധിക്കുന്നുണ്ടോ? അപ്പോൾ അനാദി കാലഘട്ടത്തിലേക്ക് പോകൂ. എത്ര സമയത്തിനുള്ളിൽ പോകാൻ സാധിക്കും? പോകാൻ എത്ര സമയമെടുക്കും? സെക്കന്റിലും കുറവ് സമയമല്ലേ.. അതോ ഒരു മണിക്കൂർ ഒരു ദിവസം മുഴുവനും ആവശ്യമാണോ? ഒരു സെക്കന്റിലും കുറവ് എവിടെ ആഗ്രഹിക്കുന്നുവോ അവിടേക്ക് എത്തിച്ചേരുവാൻ സാധിക്കുന്നു. അപ്പോൾ അനാദി കാലത്തെ തന്റെ വ്യക്തിത്വത്തെ കണ്ടോ? ഇനി അനാദി കാലത്തിൽ നിന്നും ആദി കാലത്തേക്ക് വരൂ. വന്നു കഴിഞ്ഞുവോ അതോ ഇപ്പോഴും വന്നുകൊണ്ടിരിക്കുന്നതേയുള്ളൂ? എത്തിച്ചേർന്നുവോ? അപ്പോൾ അനാദി കാലത്തിൽ നിന്നും ആദി കാലത്തേക്ക് വന്നപ്പോഴുള്ള തന്റെ വ്യക്തിത്വത്തെ കാണൂ. എത്ര ശ്രേഷ്ഠമായ വ്യക്തിത്വമാണ്. ശരീരത്തിന്റെയും മനസ്സിന്റെയും ധനത്തിന്റെയും സംബന്ധത്തിന്റെയും. എല്ലാ പ്രകാരത്തിലുള്ള വ്യക്തിത്വവും എത്ര ഉയർന്നതാണ്. ആദി കാലഘട്ടത്തിലുള്ള വ്യക്തിത്വത്തെ കാണുന്നുണ്ടോ? എത്ര സുന്ദരമായാണ് കാണുന്നത്, അലങ്കാരധാരികളാണ്. സുഖ ശാന്തി പ്രേമ ആനന്ദ സ്വരൂപമായ ജീവിതമാണ്. അപ്പോൾ ആദി കാലത്തിലുള്ള വ്യക്തിത്വത്തെയും കാണൂ. സ്പഷ്ടമായി കാണപ്പെടുന്നുണ്ടോ അതോ 5000 വർഷങ്ങളായപ്പോഴേക്കും കുറച്ച് സ്പഷ്ടത കുറഞ്ഞോ? എല്ലാവർക്കും സ്പഷ്ടമല്ലേ? എല്ലാവരും സമർത്ഥരല്ലേ? അപ്പോൾ തന്റെ ആദി കാലഘട്ടവും കണ്ടു കഴിഞ്ഞു. ഇനി മദ്ധ്യ കാലത്തേക്ക് വരൂ. മദ്ധ്യകാലത്തിലുമുള്ള താങ്കളുടെ വ്യക്തിത്വം എങ്ങനെയുള്ളതാണ്. താങ്കളുടെ ജഡചിത്രങ്ങൾക്ക് എത്ര വിധിപൂർവ്വമായ പൂജയും മഹിമയുമാണ് ലഭിക്കുന്നത്. ഉയർന്ന വ്യക്തിത്വമുള്ള ഏതെല്ലാം ധർമ്മാത്മാക്കൾ മഹാത്മാക്കൾ നേതാക്കന്മാർ ഉണ്ടോ താങ്കളുടെ ജഡചിത്രങ്ങളുടെ വ്യക്തിത്വത്തിനു മുന്നിൽ അവരുടെ വ്യക്തിത്വം ഒന്നും തന്നെയല്ല. താങ്കൾ എല്ലാവർക്കും പൂജ ലഭിക്കുന്ന പോലെ ഏതെങ്കിലും മഹാത്മാവിനോ നേതാക്കന്മാർക്കോ ധർമ്മാത്മാക്കൾക്കോ പൂജ ലഭിക്കുന്നതായി കണ്ടിട്ടുണ്ടോ? താങ്കളുടെ ജഡ ചിത്രത്തെ അലങ്കരിക്കുന്ന പോലെ ആരെയാണ് അലങ്കരിക്കുക? അപ്പോൾ മദ്ധ്യ കാലത്തിലും താങ്കൾ ആത്മാക്കളുടെ പവിത്രതയുടെ വ്യക്തിത്വത്തിന്റ വിശേഷത എത്ര ശ്രേഷ്ഠമാണ്. തന്റെ ചിത്രത്തെ കണ്ടിട്ടുണ്ടോ? താങ്കളെല്ലാവരുടെയും പൂജ ഉണ്ടാകുന്നില്ലേ. അതോ മുതിർന്നവർക്കു മാത്രമാണ് പൂജ ലഭിക്കുന്നതെന്ന് ചിന്തിക്കുന്നുണ്ടോ? ഡബിൾ വിദേശികൾക്ക് ക്ഷേത്രമുണ്ടോ? നിങ്ങൾ കണ്ടിട്ടുണ്ടോ അതിൽ നിങ്ങളുടെ ചിത്രമുണ്ടോ? അതോ കേട്ടതുകൊണ്ട് മാത്രം ഉണ്ടെന്ന് വിചാരിക്കുന്നതാണോ? സ്മൃതിയിലിരിക്കുവാൻ സാധിക്കുന്നുണ്ടോ? അപ്പോൾ താങ്കളുടെ മദ്ധ്യ കാലഘട്ടവും അതി ശ്രേഷ്ഠമാണ്. ഇപ്പോഴത്തെ അവസാന ജന്മമായ മർജീവ ബ്രാഹ്മണ ജന്മത്തിന്റെയും വ്യക്തിത്വം നോക്കൂ എത്ര ഉയർന്നതാണെന്ന്. ഏതൊരു ശ്രേഷ്ഠമായ കാര്യമാണെങ്കിലും ഇപ്പോൾ ചെയ്യുന്നത് നാമധാരിയായ ബ്രാഹ്മണരാണല്ലോ. യഥാർത്ഥ ബ്രാഹ്മണരല്ലെങ്കിലും പേരിനു മാത്രമുള്ള ബ്രാഹ്മണരാണ്. താങ്കളുടെ പേരിന്റെ ആധാരത്തിൽ താങ്കളുടെ വ്യക്തിത്വം കാരണത്താൽ അവരും ശ്രേഷ്ഠമായിത്തീർന്നു. അപ്പോൾ ബ്രാഹ്മണ ജന്മത്തിലെ വ്യക്തിത്വവും

എത്ര ശ്രേഷ്ഠമാണ്. ആദി കാലം, അനാദി കാലം, മദ്ധ്യ കാലം ഇനി ഇപ്പോൾ അന്തിമ കാലത്തിലും – മുഴുവൻ കല്പത്തിലും താങ്കളുടെ വ്യക്തിത്വം സദാ മഹാനായിരുന്നു.
ലൗകികത്തിൽ നല്ല ഉയർന്ന വ്യക്തിത്വത്തിനുടമയുള്ളവരുടെ പേരുകൾ പ്രത്യേക പുസ്തകത്തിൽ വരാറുണ്ട്. എന്നാൽ താങ്കളുടെ പേര് ഏതിലാണ് വരുന്നത്? സാധാരണ പുസ്തകത്തിലല്ല, ശാസ്ത്രങ്ങളിലാണ് വരുന്നത്. ആദി കാലം മുതൽക്ക് എഴുതപ്പെട്ട ശാസ്ത്രങ്ങളിൽ ആരുടെ ചരിത്രമാണുള്ളത്? ആരുടെ മഹിമയാണ്? ആരുടെ കഥകളാണുള്ളത്? അപ്പോൾ ലൗകികത്തിലുള്ള ഉയർന്ന വ്യക്തിത്വങ്ങളുടെ പേര് സാധാരണ പുസ്തകങ്ങളിലും താങ്കളുടെ മഹിമ ശാസ്ത്രങ്ങളിലുമാണുള്ളത്. ശാസ്ത്രങ്ങൾക്ക് എല്ലാവരും എത്ര ബഹുമാനമാണ് നൽകുന്നത്. വളരെ വിധിപൂർവ്വമായാണ് ശാസ്ത്രങ്ങളെ സംരക്ഷിക്കുന്നത്. അതിനെയും പൂജ്യനീയ രൂപത്തിൽ കാണുന്നു. സത്യമായ ഭക്തർ ശാസ്ത്രത്തെ വിധിപൂർവ്വമായി വെക്കുകയും പഠിക്കുകയും ചെയ്യുന്നു. സാധാരണ പുസ്തകങ്ങളെ പോലെ എടുത്തു വെക്കില്ല. അപ്പോൾ തന്റെ പവിത്രതയുടെ വ്യക്തിത്വത്തെ സദാ എമർജ്ജ് രൂപത്തിൽ സ്മൃതിയിൽ വെക്കൂ. നമ്മൾ തന്നെയാണല്ലോ... എന്നറിയാം എന്ന് മാത്രം ചിന്തിക്കരുത്. സ്മൃതിസ്വരൂപത്തിൽ വെക്കൂ. ആരുടെ ബുദ്ധിയിലാണോ ഈ സ്മൃതി എമർജ്ജ് രൂപത്തിൽ ഇരിക്കുന്നത്, ഈ സ്മൃതി തന്നെയാണ് സമർത്ഥതയുടെ ആധാരം. എവിടെയാണോ സമർത്ഥതയുള്ളത് അവിടേക്ക് മായക്ക് എങ്ങനെ വരാൻ സാധിക്കും. സമർത്ഥമായ ആത്മാവിനു മുന്നിൽ മായ വരുന്നത് അസംഭവ്യമാണ്. പ്രയത്നിക്കേണ്ടതായ ആവശ്യമില്ല. മായയുടെ ജോലിയാണ് വരിക, എന്നാൽ താങ്കളുടെ ജോലി മായയെ ഓടിക്കുകയല്ല. മായ വന്നു ഓടിച്ചു എന്നാകരുത് താങ്കളുടെ ജോലിയാണ് സദാ മായാജീത്തായിരിക്കുക. അപ്പോൾ മായാജീത്താണോ അതോ മായയെ ഇടയ്ക്കിടെ ഓടിക്കുന്നവരാണോ.. ഇപ്പോഴും ഓടിക്കേണ്ടി വരുന്നുണ്ടോ, ഇടയ്ക്കിടെ മായ ദർശനം നടത്താൻ വരുന്നുണ്ടോ? ഇല്ലല്ലോ. ഡബിൾ വിദേശികൾ മായയെ സദാ കാലത്തേക്ക് ഓടിച്ചോ? അതോ ഓടിച്ചു കൊണ്ടിരിക്കുകയാണോ? എന്താണ് ഇപ്പോഴത്തെ അവസ്ഥ? മായ സദാ കാലത്തേക്ക് ഓടിപ്പോയോ? ഇനി വരില്ലല്ലോ? അതോ കുറച്ച്–കുറച്ച് വന്നാലും കുഴപ്പമില്ലെന്നാണോ? നിങ്ങളുടെ അരകല്പത്തെ കൂട്ടുകാരനല്ലേ.. അത് വെറുതെ വിട്ടു പോകുമോ.. കേൾപ്പിച്ചല്ലോ സമയം സമാപ്തമാകുന്നതിനു മുമ്പ് തന്നെ മായാജീത്താകുന്നതിനുള്ള അഭ്യാസം വേണം. അന്തിമത്തിൽ ചെയ്യാൻ സാധിക്കില്ല. അഥവാ അന്തിമത്തിലും മായാജീത്താകുന്ന പുരുഷാർത്ഥം ചെയ്യുന്നു എങ്കിൽ എന്തായിരിക്കും അവസ്ഥ? ബാപ്ദാദ തത്തമ്മയുടെ കഥ കേൾപ്പിക്കാറുണ്ടല്ലോ. തത്തമ്മയോടു പൈപ്പിനു മേൽ ഇരിക്കരുതെന്ന് പറഞ്ഞു, എന്നാൽ തത്തമ്മ പൈപ്പിനു മേൽ ഇരുന്നു കൊണ്ട് തന്നെ പറയുകയാണ്, പൈപ്പിനുമേൽ ഇരിക്കരുത്, പൈപ്പിനുമേൽ ഇരിക്കരുത്.. എന്ന്. അതുപോലെ അന്തിമകാലത്ത് അഥവാ വളരെക്കാലത്തെ അഭ്യാസമില്ലെങ്കിൽ, മനസ്സിൽ ചിന്തിച്ചുകൊണ്ടിരിക്കും, ഞാൻ ആത്മാവാണ്, ഞാൻ ആത്മാവാണെന്ന്... എന്നാൽ അതിനോടൊപ്പം മായയുടെ പ്രഭാവമേൽക്കുകയും ചെയ്യുന്നു. ഞാൻ ആത്മാവാണെന്ന് അഭ്യസിക്കുവാനുള്ള പ്രയത്നവും ചെയ്യുന്നു, പക്ഷേ സാധിക്കുന്നില്ല. അതിനാൽ എന്തു ചെയ്യണം? ഇപ്പോൾ മുതൽക്കു തന്നെ മായാജീത്താകുന്നതിനുള്ള അഭ്യാസം ചെയ്യൂ. അതിനുള്ള സഹജമായ ഉപായമാണ് തന്റെ ആത്മീയ വ്യക്തിത്വത്തിന്റെ സ്മൃതി സ്വരൂപത്തിൽ ഇരിക്കുക എന്നുള്ളത്. ആത്മീയ വ്യക്തിത്വത്തിലിരിക്കുന്നവരുടെ അടയാളങ്ങൾ എന്തെല്ലാമാണ്? ഉയർന്ന വ്യക്തിത്വമുള്ളവരുടെ കണ്ണുകൾ എങ്ങോട്ടും എവിടേക്കും പോവുകയില്ല. ഇവർ ഇങ്ങനെയാണ്, ഇങ്ങനെ ചെയ്യുന്നു, എനിക്ക് മാത്രം എന്തുകൊണ്ട് ചെയ്തൂടാ, ചെയ്യാൻ സാധിക്കില്ല.... മറ്റുള്ളവരുടെ പ്രാപ്തികളിൽ കണ്ണ് പോകില്ല. ആത്മീയ വ്യക്തിത്വത്തിന് ഉടമയുള്ളവർ സർവ്വ പ്രാപ്തികളാലും സമ്പന്നരാണ്. സ്വഭാവത്തിലും സമ്പന്നം സംസ്കാരത്തിലും സമ്പന്നം, സംബന്ധ സമ്പർക്കത്തിലും സമ്പന്നം. അവർക്ക് ഒരിക്കലും അപ്രാപ്തിയുടെ അനുഭൂതിയുണ്ടാകില്ല. എന്തുകൊണ്ട്? ആത്മീയ വ്യക്തിത്വത്തിനുടമയായതിനാൽ സദാ മനസ്സാൽ സമ്പന്നമായ അവസ്ഥ ഉള്ളതുകൊണ്ട്, സന്തുഷ്ടമായിരിക്കുന്നു. സ്വയത്തിൽ അപ്രാപ്തിയുള്ളപ്പോഴാണ് മറ്റുള്ളവരുടെ പ്രാപ്തിയിലേക്ക് കണ്ണു പോകുന്നത്. അപ്പോൾ അപ്രാപ്തി ഉണ്ടോ? എന്ത് ഗീതമാണ് പാടുന്നത്.. ബ്രാഹ്മണ ജീവിതത്തിൽ അപ്രാപ്തി എന്നൊരു വസ്തു തന്നെയില്ല.... ഈ പാട്ട് വായിലൂടെയല്ലല്ലോ മനസ്സിലൂടെയല്ലേ പാടുന്നത്. ഗീതം പാടുന്നവർ കൈയ്യുയർത്തൂ. ഡബിൾ വിദേശികളും പാട്ട് പാടുന്നുണ്ടോ? നല്ലത്.
ബാപ്ദാദ നാനാവശത്തുമുള്ള കുട്ടികളുടെ പവിത്രതയുടെ വ്യക്തിത്വത്തെ പരിശോധിക്കുകയായിരുന്നു. പവിത്രതയുടെ പരിഭാഷയെ നല്ല രീതിയിൽ അറിയാമല്ലോ.. പവിത്രത കേവലം ബ്രഹ്മചര്യ വ്രതമല്ല. പല അജ്ഞാനികളും ഇന്നത്തെക്കാലത്തെ സാഹചര്യമനുസരിച്ച് ബ്രഹ്മചര്യ വ്രതത്തിൽ ജീവിക്കുന്നവരുണ്ട്. ജ്ഞാനം ലഭിച്ചിട്ടല്ല എന്നാൽ സാഹചര്യമനുസരിച്ച്. പല ഭക്തരും അങ്ങനെ ഇരിക്കുന്നവരുണ്ട്. അതൊന്നും വലിയ കാര്യമല്ല. തന്റെ പവിത്രതയെ മുഴുവൻ ദിവസത്തിലും പരിശോധിക്കൂ, പവിത്രതയുടെ അടയാളമാണ് – സത്യത, ശുദ്ധത. അഥവാ മുഴുവൻ ദിവസത്തിലും ഇരിക്കുന്നതിലും എഴുന്നേൽക്കുന്നതിലും സംസാരിക്കുന്നതിലും സേവനം ചെയ്യുന്നതിലും, അത് സ്ഥൂലമായ സേവനമാണെങ്കിലും സൂക്ഷ്മ

സേവനമാണെങ്കിലും അത് വിധിപൂർവ്വമല്ല ചെയ്യുന്നതെങ്കിൽ, വിധിയിൽ ലേശമെങ്കിലും വ്യത്യാസമുണ്ടെങ്കിൽ അതും സ്വച്ഛത അഥവാ പവിത്രതയല്ല. വ്യർത്ഥ സങ്കല്പങ്ങളും അപവിത്രതയാണ്, എന്തുകൊണ്ട്? താങ്കൾ ചിന്തിക്കുന്നുണ്ടാകും ഞങ്ങൾ പാപമൊന്നും ചെയ്തില്ലല്ലോ, ആർക്കും ദുഖം നൽകിയില്ലല്ലോ.. എന്നാൽ വ്യർത്ഥമുണ്ടായി എങ്കിൽ, സമയം നഷ്ടപ്പെടുത്തി എങ്കിൽ, സങ്കല്പത്തെ വ്യർത്ഥമാക്കി എങ്കിൽ, സന്തുഷ്ടത നഷ്ടപ്പെട്ടു എങ്കിൽ, താങ്കളുടെ പവിത്രതയുടെ അവസാനത്തെ സ്ഥിതിയുടെ ഡിഗ്രിയിൽ വ്യത്യാസം വന്നു. 16 കലയുള്ളവരായി മാറാൻ സാധിക്കില്ല. 15 കല, 14 കല, 15.5 കല എന്നീ വ്യത്യാസം ഉണ്ടാകുന്നു. അപ്പോൾ അപവിത്രത കേവലം മറ്റുള്ളവർക്ക് ദുഖം കൊടുക്കുക അഥവാ പാപ കർമ്മം ചെയ്യുക എന്നത് മാത്രമല്ല, സ്വയത്തിൽ സത്യതയും ശുദ്ധതയും വിധിപൂർവ്വം അനുഭവം ചെയ്യണം എന്നാൽ പവിത്രതയുണ്ട്. അറിയാതെ വന്നു, പറയാൻ ആഗ്രഹിച്ചിരുന്നില്ല എന്നാൽ പറഞ്ഞു പോയി.. അപ്പോൾ ഇവരെ എന്താണ് പറയുക, അധികാരി എന്നാണോ? അതിനാൽ അമൃതവേള മുതൽ രാത്രി വരെ തന്റെ സങ്കല്പം വാക്ക് കർമ്മം സേവനം സർവ്വതും പരിശോധിക്കൂ. സാധാരണ രീതിയിൽ പരിശോധിച്ചിട്ട് കാര്യമില്ല. സാധാരണ രീതിയിൽ പരിശോധിച്ചു കഴിഞ്ഞാൽ ചന്ദ്രവംശിയിലേക്ക് പോകും, അതിനാലാണ് ചന്ദ്രവംശികൾക്ക് ബാണവും വില്ലും അടയാളമായി കാണിച്ചിരിക്കുന്നത്. സൂര്യവംശികൾക്ക് എത്ര ചെറിയ ഓടക്കുഴലാണ് നൽകിയിരിക്കുന്നത്. ഓടക്കുഴൽ എത്ര ഭാരരഹിതമാണ്. അമ്പും വില്ലും കുലക്കാൻ എത്ര ബുദ്ധിമുട്ടാണ്. അമ്പും വില്ലും പ്രയോഗിക്കുന്നതിന് മുമ്പ് ആദ്യം ലക്ഷ്യമിടണം, രണ്ടാമത് ഭാരമെടുക്കണം. മുരളി നോക്കൂ, നൃത്തമാടൂ, പാട്ടുപാടൂ, ചിരിക്കൂ, കളിക്കൂ, കളിക്കൂ... അതിനാൽ ചെറിയ രീതിയിൽ സാധാരണ രീതിയിലുള്ള പുരുഷാർത്ഥം ചെയ്യരുത് അങ്ങനെ, പരിശോധിക്കുകയും ചെയ്യരുത്. ഇപ്പോൾ സൂക്ഷ്മ ബുദ്ധിയുള്ളവരായി മാറൂ, എന്തുകൊണ്ടെന്നാൽ സമയം പെട്ടെന്നു തന്നെ സമാപ്തമാകും ഒന്നും അറിയിച്ചിട്ടല്ല വരുന്നത്. ബാപ്ദാദ ആദ്യമേ തന്നെ എല്ലാം പറഞ്ഞു തന്നു കഴിഞ്ഞു, ഇനി ആരും തന്നെ പരാതിപ്പെടരുത് – ബാബാ, അങ്ങ് എന്തുകൊണ്ട് പറഞ്ഞു തന്നില്ല എന്ന്. ആ സമയത്ത് ബാബ കുട്ടികളെ ഓർമ്മിപ്പിക്കുകയില്ല. ഇപ്പോൾ പൂർണ്ണമായും വജ്രത്തിനു സമാനമായിത്തീരണം. ഈ പ്രതിജ്ഞയല്ലേ എല്ലാവരും ചെയ്യുന്നത്. വജ്രത്തിന്റെ ജൂബിലി ആഘോഷിച്ചാൽ മാത്രം മതിയോ വജ്രമായിത്തീരണ്ടേ? എന്തു ചെയ്യണം? വജ്രമായിത്തീരുകയും വേണം, വജ്ര ജൂബിലി ആഘോഷിക്കുകയും വേണം. രണ്ടും ഒരുമിച്ചു ചെയ്യണം. അപ്പോൾ ബാപ്ദാദ അടുത്ത വർഷത്തിൽ പരിശോധിക്കും – പ്രതിജ്ഞ നിറവേറ്റിയോ അതോ കേവലം വായ മധുരിപ്പിക്കുകയാണോ ചെയ്തത് എന്ന്. നിങ്ങൾ ആരാണ്? കേവലം പറയുന്നവരാണോ അതോ നിറവേറ്റുന്നവരാണോ? ശരി, ടി.വി യിൽ നിങ്ങളെല്ലാവരുടെയും ഫോട്ടോ വരുന്നു. ഇനി മനസ്സ് മാററുത്. ഞാൻ അങ്ങനെ പറഞ്ഞിട്ടേയില്ല, എന്ന് പറയരുത്. പരിവർത്തനപ്പെടുന്നത് നല്ലതല്ലേ.. അപ്പോൾ നല്ല കാര്യം ശീഘ്രം ചെയ്യണം വൈകിക്കരുത്. വേഗം ചെയ്യേണ്ടേ?

സെക്കന്റിൽ എവർ റെഡിയാകുവാൻ സാധിക്കുമോ? സെക്കന്റിൽ അശരീരിയാകുവാൻ സാധിക്കുമോ? അതോ യുദ്ധം ചെയ്യേണ്ടതായി വരുമോ? ഞാൻ ശരീരമല്ല, ഞാൻ ശരീരമല്ല...എന്ന്. ചിന്തിച്ച ഉടൻ ആയിത്തീരണം. സങ്കല്പിച്ച ഉടനെ സ്ഥിതി ചെയ്യണം. (ബാപ്ദാദ കുറച്ച് നിമിഷത്തേക്ക് ഡ്രിൽ ചെയ്യിച്ചു). നല്ലതായി തോന്നുന്നില്ലേ. അപ്പോൾ മുഴുവൻ ദിവസത്തിലും ഇടയ്ക്കിടെ ഈ അഭ്യാസം ചെയ്യൂ. എത്ര തന്നെ ബിസിയാണങ്കിലും ഇടയ്ക്കിടെ ഒരു സെക്കന്റിലാണെങ്കിലും അശരീരിയാകുവാനുള്ള അഭ്യാസം ചെയ്യൂ. ഇതിനായി ആർക്കും ഞാൻ ബിസിയാണെന്ന് പറയാൻ സാധിക്കില്ല. ഒരു സെക്കന്റെടുത്ത് അഭ്യാസം ചെയ്യുക തന്നെ വേണം. അഥവാ ആരോടെങ്കിലും സംസാരിക്കുകയാണെങ്കിൽ പോലും, എന്തെങ്കിലും കാര്യത്തിൽ ഏർപ്പെടുകയാണെങ്കിൽ പോലും അവരെക്കൊണ്ടും ഒരു സെക്കന്റ് ഈ ഡ്രിൽ ചെയ്യിക്കൂ. എന്തുകൊണ്ടെന്നാൽ സമയത്തിനനുസരിച്ച് അശരീരി സ്ഥിതിയുടെ അഭ്യാസം അഥവാ അനുഭവം ആർക്കാണോ കൂടുതൽ ചെയ്യാൻ സാധിക്കുന്നത്, അവർ മുൻ നമ്പറിലേക്ക് പോകുന്നു. എന്തുകൊണ്ടെന്നാൽ കേൾപ്പിച്ചല്ലോ പെട്ടെന്നാണ് സമയം സമാപ്തമാകുന്നത്. അശരീരിയാകുവാനുള്ള അഭ്യാസമുണ്ടെങ്കിൽ നമുക്ക് സമയത്തിന്റെ സമാപ്തിയുടെ വൈബ്രേഷൻ വരുന്നു. അതിനാൽ ഇപ്പോൾ തന്നെ അഭ്യാസത്തെ വർദ്ധിപ്പിക്കൂ. അടുത്ത വർഷമാണല്ലോ വജ്ര ജൂബിലി അതിനാൽ ഇപ്പോൾ വേണ്ട പിന്നീട് ചെയ്യാം എന്ന് ചിന്തിക്കരുത്. എത്രത്തോളം വളരെക്കാലം ഈ അഭ്യാസം ചെയ്യുന്നുവോ അത്രത്തോളം രാജ്യ ഭാഗ്യത്തിന്റെ പ്രാപ്തിയിൽ നമ്പർവൺ നേടുവാൻ സാധിക്കുന്നു. ഇടയ്ക്കിടെ ഈ അഭ്യാസം ചെയ്യുകയാണെങ്കിൽ ശക്തിശാലി സ്ഥിതി സഹജമായും അനുഭവം ചെയ്യുന്നു. ചെറിയ ചെറിയ കാര്യത്തിനായുള്ള പുരുഷാർത്ഥം ചെയ്യേണ്ടതായി വരുന്നതെല്ലാം സഹജമായിത്തീരുന്നു.

ശരി, എല്ലാവരും സന്തുഷ്ടരാണോ അതോ ചോദിക്കേണ്ടതായ ആവശ്യമുണ്ടോ? മാതാക്കൾ സന്തുഷ്ടരല്ലേ.. വളരെ നല്ലത്. നോക്കൂ എവിടെ നിന്നുമെല്ലാമാണ് മേളയിലേക്ക് എത്തിച്ചേർന്നിരിക്കുന്നത്. നല്ല അവസരം ലഭിച്ചില്ലേ. ഇല്ലെങ്കിൽ തിയ്യതിയും പ്രതീക്ഷിച്ചിരിക്കേണ്ടേ – നമ്മുടെ നമ്പർ എപ്പോൾ വരുമെന്ന്. ഇപ്പോൾ എല്ലാവർക്കുമുള്ള തുറന്ന ക്ഷണമല്ലേ. എല്ലാവരും ശരിയായ രീതിയിൽ

വ്യവസ്ഥയോടെയാണോ ഇരിക്കുന്നത്. പരിധിയില്ലാത്ത അനുഭൂതിയുണ്ടാകുന്നില്ലേ. അതോ കുറച്ച് കുറച്ച് ബുദ്ധിമുട്ടുണ്ടോ? വൃദ്ധരായ മാതാക്കൾക്ക് ബുദ്ധിമുട്ടുണ്ടോ? ലൈനിൽ നിന്നാലേ ഭക്ഷണം ലഭിക്കൂ. ലൈനിൽ നിൽക്കുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടോ? അതോ ആനന്ദമാണോ അനുഭവപ്പെടുന്നത്. ഇത്രയും വലിയ പരിവാരം ആർക്കാണ് ലഭിക്കുക. അപ്പോൾ പരിവാരത്തെക്കണ്ട് സന്തോഷം തോന്നുന്നില്ലേ. ഭക്തിമാർഗ്ഗത്തിലുള്ള മേളയെക്കാളും നല്ല മേളയല്ലേ. ഇനിയും രണ്ട് നാൾ കൂടി ഇവിടെയിരിക്കുവാൻ പറഞ്ഞാൽ ചിലവ് അധികമാകുമോ? വീട് ഓർമ്മ വരില്ലല്ലോ? ജോലി ഓർമ്മ വരില്ലല്ലോ? എല്ലാത്തിനും ഒരു നവീനത വേണമല്ലോ, അപ്പോൾ ഈ മേളയിലും ഒരു നവീനതയുണ്ട്. നവീനതയുടെ അനുഭവം ചെയ്തോ? ഇനി പഴയ കാര്യങ്ങളൊന്നും തന്നെയുണ്ടാകില്ലല്ലോ, പുതിയ കാര്യമല്ലേ ഉണ്ടാകുക. പുതിയ കാര്യമാണോ ഇഷ്ടം അതോ പഴയതോ? പുതിയതല്ലേ നല്ലതായി തോന്നുന്നത്. ശരി.
നാനാവശത്തുള്ള പവിത്രതയുടെ വ്യക്തിത്വമുള്ള സർവ്വ വിശേഷ ആത്മാക്കൾക്കും, സദാ ആദി മുതൽക്ക് അന്തിമം വരെയും വ്യക്തിത്വത്തിന്റെ തിളക്കം കാണിക്കുന്ന ശ്രേഷ്ഠ ആത്മാക്കൾക്ക് സദാ പവിത്രത, സ്വച്ഛത, സത്യതയുടെ ശക്തിയിലൂടെ സ്വയത്തെയും വിശ്വത്തെയും പരിവർത്തനപ്പെടുത്തുന്ന വിശ്വ പരിവർത്തക ആത്മാക്കൾക്ക് സദാ നിമിത്ത ഭാവത്തോടെ സേവാധാരിയായി പ്രത്യക്ഷ ഫലത്തിന്റെ അനുഭവം ചെയ്യുന്ന അനുഭവി ആത്മാക്കൾക്ക് ബാപ്ദാദയുടെ സ്നേഹ സ്മരണയും നമസ്കാരവും.

ദാദിമാരോട് – മേള നല്ലതായി തോന്നിയോ? ബുദ്ധിമുട്ടുകളൊന്നുമില്ലല്ലോ? എല്ലാവരുടെയും ശുഭ സങ്കല്പത്തിലൂടെയും ഉണർവ്വിന്റെയും ഉത്സാഹത്തിന്റെയും സങ്കല്പത്തിലൂടെ സഫലത തന്നെയല്ലേ. കൂട്ടായ്മയോടെ സങ്കല്പമെടുക്കുമ്പോൾ അസഫലതയും ഇല്ലാതാകുന്നു. കോട്ടയിലെ ഇഷ്ടികകൾ ഇളകുമ്പോഴാണ് കോട്ട ദുർബലമാകുന്നത്. എല്ലാ ഇഷ്ടികയും ഉറപ്പുള്ളതാണെങ്കിൽ കോട്ട ഇളകില്ല. വിജയം മാത്രമാണ്. അപ്പോൾ ഇവിടെയും കൂട്ടായ്മയോടുള്ള ഉണർവ്വും ഉത്സാഹവും ശ്രേഷ്ഠ സങ്കല്പത്തിലൂടെയും സഹയോഗത്തിലൂടെയും സഫലത സംഭവിച്ചു കഴിഞ്ഞു. നല്ലതായി തോന്നി ഇനിയും സമയത്തിനനുസരിച്ച് നല്ല അനുഭൂതിയുണ്ടാകുക തന്നെ ചെയ്യും. ആദ്യം ഇത് സംഭവിക്കുമോ എന്ന ചോദ്യമായിരുന്നു. എന്നാൽ എന്ത് സങ്കല്പിച്ചാലും അതിൽ സഫലത തന്നെയാണ്. അപ്പോൾ സഫലത മൂർത്തി എന്ന വരദാനം കൂട്ടായ്മയുടെ ശക്തിയ്ക്കാണ് ലഭിക്കുന്നത്. ബാപ്ദാദ സദാ ഗുഡ്മോണിംഗ് ഗുഡ്നൈറ്റ് പറയാറുണ്ട്. നല്ലത് ഓംശാന്തി.

## വരദാനം – സ്വരാജ്യ അധികാരിയായി മാറി കർമ്മേന്ദ്രിയങ്ങളെ ആജ്ഞയനുസരിച്ച് നടത്തുന്ന അകാല സിംഹാസനധാരിയും ഹൃദയ സിംഹാസനധാരിയുമായി ഭവിയ്ക്കട്ടെ.

ഞാൻ അകാല സിംഹാസനധാരി(ഭൃഗുഡി സിംഹാസനം) ആത്മാവാണ്. അതായത് സ്വരാജ്യ അധികാരി ആത്മാവാണ്. എങ്ങനെയാണോ രാജാവ് തന്റെ സിംഹാസനത്തിനുമേൽ ഇരിക്കുകയാണെങ്കിൽ എല്ലാ കർമ്മചാരികളും ആജ്ഞയനുസരിച്ച് നടക്കുന്നത്. അതുപോലെ സിംഹാസനധാരിയാകുന്നു എങ്കിൽ എല്ലാ കർമ്മേന്ദ്രിയങ്ങളും സ്വതവേ ആജ്ഞയനുസരിക്കുന്നു. അകാല സിംഹാസനധാരികൾക്ക് ബാബയുടെ ഹൃദയ സിംഹാസനവും ലഭിക്കുന്നു. എന്തുകൊണ്ടെന്നാൽ ആത്മാവെന്നു മനസ്സിലാക്കിയാൽ ബാബയുടെ ഓർമ്മ സ്വതവേ ഉണ്ടാകുന്നു. പിന്നീട് ദേഹം, ദേഹീക സംബന്ധം, ദേഹീക പദാർത്ഥം, ഒന്നും തന്നെ ഓർമ്മയുണ്ടാകില്ല. ഒരു ബാബ തന്നെയാണ് ലോകം. അതിനാൽ അകാല സിംഹാസനധാരി സ്വതവേ തന്നെ ബാബയുടെ ഹൃദയസിംഹാസനധാരിയാകുന്നു.

## സ്ലോഗൻ – നിർണ്ണയിക്കുവാനും തിരിച്ചറിയുവാനും ഉൾക്കൊള്ളുവാനുമുള്ള ശക്തിയെ ധാരണ ചെയ്യുക തന്നെയാണ് ഹോളിഹംസമായിത്തീരുക.